## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5563** — **03-11-2021 - ൽ മറുപടിയ്ക്ക്**

## അരിയുടെയും ഗോതമ്പിന്റെയും പ്രതിമാസ കണക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ മാസവും കേന്ദ്രം സംസ്ഥാനത്തിനനുവദിച്ച അരിയും ഗോതമ്പും എത്ര ടൺ വീതമാണ്; ഇതിൽ എത്ര ടൺ വീതം ഏറ്റെടുത്ത് വിതരണം ചെയ്യുകയുണ്ടായി; വിശദമാക്കാമോ; | (എ) | 2021 മെയ് മുതൽ ഒക്ടോബർ വരെ സംസ്ഥാനത്തിന് ലഭ്യമായ അരിയുടെയും ഗോതമ്പിന്റെയും കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. ലഭ്യമായ മുഴുവൻ ഭക്ഷ്യധാന്യങ്ങളും വിട്ടെടുത്ത് വിതരണത്തിന് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം സ്കീമിൽ ഏതെല്ലാം നിരക്കിലാണ് അരിയും ഗോതമ്പും അനുവദിച്ചതെന്നും കേന്ദ്രം നൽകുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതെങ്ങനെയെന്നും വിശദമാക്കാമോ; | (ബി) | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്ക് അരി കി.ഗ്രാമിന് 3 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 2 രൂപ നിരക്കിലുമാണ് അനുവദിച്ചിട്ടുള്ളത്. ടൈഡ് ഓവർ വിഹിതമായി അരി കി.ഗ്രാമിന് 8.30 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.10 രൂപ നിരക്കിലും ലഭിച്ചുവരുന്നു. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന (PMGKAY) സ്കീം മുഖേന എ.എ.വൈ, പ്രയോറിറ്റി വിഭാഗത്തിനുള്ള അരിയും ഗോതമ്പും സൗജന്യമായാണ് അനുവദിച്ചിട്ടുള്ളത്. ഓരോ മാസവും വിതരണത്തിന് മുമ്പ് എഫ്.സി.ഐ-ൽ നിന്നും അലോട്ട് ചെയ്യുന്ന സ്റ്റോക്ക്, എഫ്.സി.ഐ അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ ചുമതലപ്പെടുത്തുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ, റീജിയണൽ മാനേജർ നിയോഗിക്കുന്ന സപ്ലൈകോ ഉദ്യോഗസ്ഥർ എന്നിവർ പരിശോധിച്ച് ലോട്ട് മാർക്ക് ചെയ്യുന്നുണ്ട്. ഇപ്രകാരം എഫ്.സി.ഐ യിലെയും, സപ്ലൈകോയിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ കർശന പരിശോധന നടത്തിയതിന് ശേഷമാണ് എഫ്.സി.ഐ-യിൽ നിന്നും സി.എം.ആർ മില്ലുകളിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ ഗോഡൗണുകളിലെത്തുന്നത്. ഗോഡൗണുകളിൽ നിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേന്മ ബോദ്ധ്യപ്പെടേണ്ട ഉത്തരവാദിത്വം എ.ആർ.ഡികൾക്കുണ്ട്. മോശമായ ഭക്ഷ്യ ധാന്യങ്ങൾ സംബന്ധിച്ച് പരാതികൾ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നപക്ഷം ഗോഡൗണുകളുമായി ബന്ധപ്പെട്ട് അവ മാറ്റി നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിൽ പരിശോധന നടത്തി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. NFSA ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് FIFO തത്വം പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അരിയുടെയും ഗോതമ്പിന്റെയും യഥാർത്ഥ ആവശ്യം പ്രതിമാസം എത്ര ടൺ വീതമാണെന്നും എന്ത് വിലയ്ക്കാണ് അവ സമാഹരിക്കുന്നതെന്നും വിശദമാക്കാമോ? | (സി) | എ.എ.വൈ/പ്രയോറിറ്റി വിഭാഗങ്ങൾക്കായി പ്രതിമാസം 69830.668 മെ.ടൺ അരിയും 15629.217 മെ.ടൺ ഗോതമ്പും ലഭ്യമാകുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ മൊത്തം റേഷൻകാർഡുടമകളുടെ 57 ശതമാനത്തോളം വരുന്ന പൊതു വിഭാഗത്തിന് (മുൻഗണനേതര സബ്സിഡി/ മുൻഗണനേതര-സബ്സിഡിയിതരം) ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന 26835.124 മെ.ടൺ അരിയും 6459.074 മെ.ടൺ ഗോതമ്പും മാത്രമാണ് വിതരണത്തിനായുള്ളത്. പൊതുവിഭാഗത്തിലെ ഒരംഗത്തിന് 5 കി.ഗ്രാം ഭക്ഷ്യധാന്യമെന്ന് കണക്കാക്കിയാൽ ഏകദേശം 1 ലക്ഷം മെ.ടൺ ധാന്യമാണ് പ്രതിമാസം ടൈഡ് ഓവർ വിഹിതമായി ആവശ്യമുള്ളത്. മുൻഗണനേതര വിഭാഗത്തിന് കൂടുതൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനായി കി.ഗ്രാമിന് 20 രൂപ മുതൽ 22.50 രൂപ വരെയുള്ള നിരക്കുകളിൽ എഫ്.സി.ഐ യിൽ നിന്ന് അരി ലഭ്യമാക്കി 15/- രൂപ നിരക്കിലാണ് വിതരണം നടത്തി വരുന്നത് . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(അളവ് മെ.ടണ്ണിൽ)

| മാസം | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമായത് | | | PMGKAY സ്കീമിൽ ലഭ്യമായത് | | |
|---|---|---|---|---|---|---|
| | അരി | ഗോതമ്പ് | ആകെ | അരി | ഗോതമ്പ് | ആകെ |
| മെയ് 2021 | 96665.792 | 22088.291 | 118754.083 | 63243.58869 | 14156.47131 | 77400.060 |
| ജൂൺ 2021 | 96668.826 | 22088.970 | 118757.796 | 63243.58869 | 14156.47131 | 77400.060 |
| ജൂലൈ 2021 | 96665.792 | 22088.291 | 118754.083 | 61670.45062 | 15729.60938 | 77400.060 |
| ആഗസ്റ്റ് 2021 | 96678.940 | 22091.233 | 118770.173 | 61670.45062 | 15729.60938 | 77400.060 |
| സെപ്തംബർ 2021 | 96665.792 | 22088.291 | 118754.083 | 61670.45062 | 15729.60938 | 77400.060 |
| ഒക്ടോബർ 2021 | 96665.792 | 22088.291 | 118754.083 | 61670.45062 | 15729.60938 | 77400.060 |